ദേശീയ അദ്ധ്യാപകക്ഷേമ ഫൗണ്ടേഷൻ, കേരളം,
പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ജഗതി, തിരുവനന്തപുരം -14
Ph: 0471 2580574, Email: nftwkerala@gmail.com

നം: എൻ.എഫ്.റ്റി.ഡബ്യു/555/2024/ഡി.ജി.ഇ തീയതി : 31/08/2024

## സർക്കുലർ

വിഷയം:- ദേശീയ അദ്ധ്യാപകക്ഷേമ ഫൗണ്ടേഷൻ (കേരളം) - സർക്കാർ/എയിഡഡ് വിദ്യാലയങ്ങളിൽ പഠിച്ച് 2023 മാർച്ചിലെ എസ്.എസ്.എൽ.സി/ഹയർ സെക്കണ്ടറി/ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്റ്റേറ്റ് സിലബസിൽ പരീക്ഷ എഴുതുകയും എല്ലാ വിഷയങ്ങൾക്കും എ+ നേടുകയും ചെയ്ത പൊതുവിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ മക്കൾക്കുള്ള ക്യാഷ് അവാർഡും/സർട്ടിഫിക്കറ്റും വിതരണം ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന:- 25/08/2022 ൽ കൂടിയ ദേശീയ അദ്ധ്യാപകക്ഷേമ ഫൗണ്ടേഷൻ 76-ാമത് സംസ്ഥാന പ്രവർത്തക സമിതി യോഗ തീരുമാനം.

****

പൊതുവിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ പൊതുവിദ്യാലയങ്ങളിൽ പഠിച്ച് എസ്.എസ്.എൽ.സി /ഹയർസെക്കണ്ടറി/ വൊക്കേഷണൽ ഹയർസെക്കണ്ടറി/ റ്റി.എച്ച്.എസ്.എൽ.സി. പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ+ വാങ്ങുന്ന അദ്ധ്യാപകരുടെ മക്കൾക്ക് ക്യാഷ് അവാർഡും, സർട്ടിഫിക്കറ്റും നൽകുന്നതിന് സൂചന പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

**www.nftwkerala.org** എന്ന വെബ്സൈറ്റ് വഴിയാണ് അപേക്ഷ നൽകേണ്ടത്. എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാരും, എല്ലാ വി.എച്ച്.എസ്.സി. അസിസ്റ്റന്റ് ഡയറക്ടർമാരും, ജില്ലാവിദ്യാഭ്യാസ ഉപഡയറക്ടർമാരും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും മേൽ പരാമർശിച്ച വിവരങ്ങൾ തങ്ങളുടെ അധികാരപരിധിയിൽ വരുന്ന സ്കൂളുകളിലെ പ്രഥമാദ്ധ്യാപകർക്ക്/പ്രിൻസിപ്പാൾമാർക്ക് കൈമാറേണ്ടതും പ്രഥമാദ്ധ്യാപകർ സ്വവിദ്യാലയത്തിലെ മുഴുവൻ അദ്ധ്യാപകരെയും ഇത് സംബന്ധിച്ച വിവരങ്ങൾ അറിയിക്കേണ്ടതുമാണ്. അദ്ധ്യാപകർ പ്രസ്തുത സൂചന പ്രകാരമുള്ള വെബ്സൈറ്റ് വഴിയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ടി അപേക്ഷകൾ സ്വവിദ്യാലയത്തിലെ

പ്രഥമാദ്ധ്യാപകർ/പ്രിൻസിപ്പാൾമാർ മുഖേന ഓൺലൈനായി വെരിഫിക്കേഷൻ നടത്തി സമർപ്പിക്കേണ്ടതാണ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് കോപ്പി ദേശീയ അദ്ധ്യാപകക്ഷേമ ഫൗണ്ടേഷനിലേയ്ക്ക് അയയ്ക്കേണ്ടതില്ല. അപേക്ഷ ഓൺലൈനായി നൽകുന്നതിനാവശ്യമായ വിശദവിവരങ്ങൾ **www.nftwkerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷ ഓൺലൈൻ വഴി സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 30/09/2024, 5 പി.എം. ആണ്.

സെക്രട്ടറി/ട്രഷറർ
ദേശീയ അദ്ധ്യാപകക്ഷേമ ഫൗണ്ടേഷൻ (കേരളം)

പകർപ്പ്

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ആർ.ഡി.ഡി.മാർക്കും (ഹയർ സെക്കണ്ടറി വിഭാഗം)
3. എല്ലാ എ.ഡി.മാർക്കും (വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം)
4. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും